90 (486) മിനിമം വേജസ്

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും മേഖലകളിൽ മിനിമം വേജസ് നടപ്പിലാക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പിലാക്കിയ മേഖലകളിൽ ഏതെല്ലാം മേഖലകളിലെ മിനിമം വേജസ് പുതുക്കേണ്ടതായിട്ടുണ്ട്;

(സി) മിനിമം വേജസ് നടപ്പിലാക്കുന്നതിനും പുതുക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മിനിമം വേജസ് തത്വം കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഇ) മിനിമം വേജസ് നൽകുന്നതിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ തേയില, കാപ്പി, ഏലം, റബ്ബർ തോട്ടങ്ങളിലെ തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി നിശ്ചയിക്കുന്നതിന് മിനിമം വേജസ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഈ ശുപാർശകൾക്ക് എന്നുമുതലാണ് പ്രാബല്യം നൽകുവാൻ ഉദ്ദേശിക്കുന്നതെന്നും എന്നത്തേക്ക് നടപ്പിലാക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മിനിമം വേജസ് നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചതും മിനിമം വേതനം നിശ്ചയിക്കുന്നതിനായി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതുമായ തൊഴിൽമേഖലകൾ താഴെപ്പറയുന്നു.

1. മാർബിൾ ആന്റ് ഗ്രാനൈറ്റ് വ്യവസായം.
2. ഫുഡ് പ്രോസസിംഗ് വ്യവസായം.
3. ഇലക്ട്രിക് എക്വിപ്മെന്റ്സ്, ഹോം അപ്ലയൻസ് ആന്റ് ഓപ്പറേഷൻ ഓഫ് സോഫ്റ്റ്വെയർ സിസ്റ്റംസ്.
4. സോപ്പു നിർമ്മാണം.
5. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
6. പ്ലാസ്റ്റിക് വ്യവസായം
7. വയർകട്ട് ബ്രിക്സ്
8. സ്ക്രീൻ പ്രിന്റിംഗ്
9. ഹാന്റിക്രാഫ്റ്റ്സ്
10. ഗാർമെന്റ് നിർമ്മാണം
11. ഫിലിം നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

12. ഖാദി വ്യവസായം

13. ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ് വ്യവസായം

14. കെയിൻ ആന്റ് ബാംബൂ

15. സെക്യൂരിറ്റി സർവ്വീസ്

16. യന്ത്രവൽകൃത മൽസ്യബന്ധന മേഖല

17. സ്വകാര്യ ആശുപത്രികൾ (നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു)

18. എൽ.പി. ഗ്യാസ് ഏജൻസീസ്

(ബി) താഴെപ്പറയുന്ന മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

1. കുട നിർമ്മാണവും വിൽപ്പനയും

2. ആയുർവേദ അലോപ്പതി മരുന്നുണ്ടാക്കൽ

3. ലൈറ്റ് മോട്ടാർ വെഹിക്കിൾസ്

4. കള്ളുചെത്ത് വ്യവസായം

5. സ്വകാര്യ ആശുപത്രികൾ

6. കൊപ്രാ വ്യവസായം

മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന തൊഴിൽമേഖലകൾ.

1. കാർഷികമേഖല

2. കയർ വ്യവസായം

3. ഹാൻഡ്ലൂം (മാസ ശമ്പള വിഭാഗം)

4. പവർലൂം വ്യവസായം

5. ടിംബർ-പ്ലൈവുഡ് വ്യവസായം

6. മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ

7. കല്ലുടയ്ക്കൽ, പാറ പൊട്ടിക്കൽ, റോഡുകളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണവും അറ്റകുറ്റപ്പണികളും.

8. ഫോറസ്റ്റുകൾ

9. ബീഡി ആന്റ് സിഗാർ

10. ഓട്ട് വ്യവസായം

(സി) ചോദ്യം (എ)യുടേയും (ബി)യുടേയും ഉത്തരങ്ങൾ കണ്ടാലും.

(ഡി) മിനിമം വേജസ് തത്വം കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ സ്ഥാപനങ്ങൾ പരിശോധിക്കാറുണ്ട്. അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ സ്കാഡ് പരിശോധന നടത്തി തൊഴിൽനിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മിനിമം വേജസ് നൽകാത്ത തൊഴിൽ ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ക്ലെയിം പെറ്റീഷനുകൾ സമർപ്പിച്ച് തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(എഫ്)&(ജി) ജി.ഒ. ആർ.ടി. 2799/96/തൊഴിൽ നമ്പരായി 23.10.96-ൽ തേയില, കാപ്പി, റബ്ബർ, ഏലം തോട്ടങ്ങളിലെ മിനിമം വേതനം നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിനിമം വേതനക്കമ്മിറ്റി ഈ മേഖലയിൽ നിലവിലില്ലായിരുന്നു.

91 (487) ക്ഷേമനിധി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ഏതൊക്കെ തൊഴിൽമേഖലയിലുള്ളവർക്കാണ് ക്ഷേമനിധിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കാണ് ക്ഷേമനിധി ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് താഴെപ്പറയുന്ന വിഭാഗം തൊഴിലാളികൾക്കാണ് ക്ഷേമനിധി നിലവിലുള്ളത്:-

1. കർഷകത്തൊഴിലാളികൾ
2. കൈത്തറിത്തൊഴിലാളികൾ
3. നിർമ്മാണത്തൊഴിലാളികൾ
4. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ്, തോട്ടം തുടങ്ങിയവയിലെ തൊഴിലാളികൾക്കായി കേരളാ തൊഴിലാളി ക്ഷേമനിധി
5. അബ്കാരി തൊഴിലാളികൾ
6. ചുമട്ടു തൊഴിലാളികൾ
7. തയ്യൽ തൊഴിലാളികൾ
8. കള്ളുചെത്തു തൊഴിലാളികൾ
9. മോട്ടോർ തൊഴിലാളികൾ
10. കശുവണ്ടി തൊഴിലാളികൾ
11. ബീഡി ചുരുട്ടു തൊഴിലാളികൾ
12. ഓട്ടോറിക്ഷാ തൊഴിലാളികൾ
13. ഈറ്റ, തഴപ്പായ്, കാട്ടുവള്ളി തൊഴിലാളികൾ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി 1996-ൽ രൂപീകരിച്ചിട്ടുണ്ട്. ബീഡി, സിഗാർ തൊഴിലാളികൾക്കുവേണ്ടി 1995-ൽ ഉണ്ടാക്കിയ ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly